**കേരള സർക്കാർ**

**സംഗ്രഹം**

**മത്സ്യബന്ധന വകുപ്പ്– മത്സ്യ മേഖല വികസന പരിപാലന നയം – രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.**

==========================================================================

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സർക്കാർ ഉത്തരവ് (പി) നമ്പർ: 29–04–മ.തു.വ. തിരുവനന്തപുരം.13–7–2004

==========================================================================

**ഉത്തരവ്**

കേരളത്തിൻെറ സാമ്പത്തിക രംഗത്ത് മത്സ്യമേഖല ചെലുത്തുന്ന സ്വാധീനം കണക്കിലെടുത്ത് മത്സ്യ ബന്ധനത്തിൻെറ വളർച്ചയ്ക്കും മത്സ്യമേഖലയുടെ പൊതുവായ പുരോഗതിയ്ക്കും മത്സ്യബന്ധനവും മത്സ്യവ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങുന്ന സമഗ്രമായ ഒരു മത്സ്യമേഖലാ വികസന പരിപാലന നയം രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു.

ആയതിൻ പ്രകാരം പുതിയ മത്സ്യമേഖലാ വികസന പരിപാലന നയം രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. വികസന പരിപാലന നയം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്. സുബ്ബയ്യ.
ഗവൺമെൻറ് സെക്രട്ടറി

1. മത്സ്യബന്ധന ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ. മത്സ്യഫെഡ്, തിരുവനന്തപുരം
3. എക്സ്യുട്ടീവ് ഡയറക്ടർ, അഡാക്
4. പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
5. സെക്രട്ടേറിയേററിലെ എല്ലാ വകുപ്പുകൾക്കും.

ഉത്തരവിൻ പ്രകാരം

Sd/-
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**മത്സ്യബന്ധനവും തുറമുഖവും (സി) വകുപ്പ്**

<u>മത്സ്യമേഖലാ വികസന പരിപാലന നയം</u>

<u>നയം.1.</u>

1. മത്സ്യമേഖല വികസന പരിപാലന നയം, തുറമുഖ വികസനുവുമായി ബന്ധപ്പെട്ട നിർമ്മാണം, പരിപാലനം എന്നിവയ്ക്ക് ബാധകമാകുന്നതല്ല. മത്സ്യസമ്പത്തിൻെറ നിലനില്പിന് ഹാനികരമല്ലാത്ത രീതിയിൽ കേരളത്തിലെ കടൽ മത്സ്യോല്പാദനം പരമാവധി വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തിക്കൊണ്ട് പോകുന്നതിന് തീരക്കടൽ (ടെറിട്ടോറിയൽ സി) മത്സ്യ ബന്ധനത്തിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

2. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി നടപ്പിലാക്കി വരുന്ന മൺസൂൺ കാല ട്രോളിംഗ് നിരോധനം തുടരുകയും മത്സ്യസമ്പത്തിൻെറ സംരക്ഷണത്തിന് ഉതകുന്ന വിധത്തിൽ ട്രോളിംഗ് നിരോധനം കൂടതൽ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യും.

3. വള്ളങ്ങളുടെ വലുപ്പം, വലകളുടെ വലുപ്പം എന്നിവ കുറച്ചും വലക്കണ്ണികളുടെ വിസ്തൃതി കൂട്ടിയും എഞ്ചിൻെറ കുതിരശക്തി നിയന്ത്രിച്ചും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. കടലോരത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന മിനിട്രോളിംഗ് നിരോധിക്കും.

4. കേരളത്തിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ആഴക്കടൽ മത്സ്യബന്ധനവും ഉൾനാടൻ മത്സ്യകൃഷിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നല്കി പ്രോത്സാഹിപ്പിക്കും. ഉൾനാടൻ മത്സ്യകൃഷി രംഗത്ത് സഹകരണ സംഘങ്ങളെ പ്രാപ്തരാക്കി ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കും.

5. തുറമുഖങ്ങളുടെ നടത്തിപ്പിനും വികസനത്തിനും തടസമാകാതെയും തുറമുഖ വകുപ്പിൻെറ അംഗീകാരം വാങ്ങിയതിനു ശേഷവും ഉൾനാടൻ മത്സ്യമേഖലയുടെ നിലനിൽപ്പിനും വികസനത്തിനും അനിവാര്യമായ എല്ലാ ജലാശയങ്ങളും തീരദേശമംഗള വനങ്ങളും അവയോടു ചേർന്നുള്ള ഭൂപ്രദേശങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനാവകാശം നിലനിർത്തി കൊണ്ട് സംരക്ഷിത മത്സ്യമേഖലാ പ്രദേശങ്ങളായി (Protected Fisheries Zone) പ്രഖ്യാപിച്ച് പരിപാലിക്കും.

6. വ്യാവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ മുതലായവയിൽ നിന്നുള്ള ജലമലിനീകരണവും അല്ലാതെയുള്ള മാലിന്യങ്ങൾ വഴി ഉണ്ടാകുന്ന ജലമലിനീകരണവും തടയുന്നതിനും മത്സ്യവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും പ്രായോഗികവും കാര്യക്ഷമവുമായ പരിപാടികൾ നടപ്പാക്കും. ഇതിനു വേണ്ടി നിയമനിർമ്മാണം നടത്തും.

7. വംശനാശ ഭീഷണി നേരിടുന്നതും വാണിജ്യ പ്രാധാന്യമുള്ളതുമായ മത്സ്യസമ്പത്തിൻെറ സംരക്ഷണത്തിനും തദ്ദേശിയ (നാടൻ) മത്സ്യ ഇനങ്ങളുടെ വംശവർദ്ധനവിനും നശോന്മുഖ മത്സ്യങ്ങളുടെ ജനിതക ശേഖര സംരക്ഷണത്തിനും (Gene Pool Protection) ആവശ്യമായ നടപടികൾ സ്വീകരിക്കും.

8. മത്സ്യമേഖലയെ ആശ്രയിച്ചു ജിവിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേയും ഇതര തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടേയും മത്സ്യോപയോക്താക്കളുടെയും അടിസ്ഥാനാവശ്യകതകൾ നിയമം മൂലം സംക്ഷിക്കും.

9. തീരദേശ പരിസ്ഥിതി പരിപാലനത്തിനും മത്സ്യ മേഖലാ വിഭവ സംരക്ഷണത്തിനും മുൻതൂക്കം നല്കുന്ന സമഗ്രമായ തീരദേശ മേഖലാ വികസന– പരിപാലന പദ്ധതികൾ (Coastal Fisharies Development & Management Programme) ആവിഷ്കരിക്കും.

10. തീരപ്രദേശത്തെ കായൽ പ്രദേശങ്ങൾ, ചതുപ്പു നിലങ്ങൾ, തണ്ണീർക്കടങ്ങൾ, ചേറളങ്ങൾ, പാടശേഖരങ്ങൾ മുതലായവ നികത്തി മത്സ്യേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും കായൽ കയ്യേററവും നിരോധിക്കും.

11. നദികളുടേയും കായലുകളുടേയും അതിരുകളിലും തിട്ടകളിലും വളരുന്ന വൃക്ഷങ്ങളും സസ്യ വ്യൂഹങ്ങളും വെട്ടി നശിപ്പിക്കുന്നതും തിട്ടകൾ ഇടിക്കുന്നതും നിരോധിക്കും. നദികളുടേയും കായലു കളുടേയും നൈസർഗിക സ്വഭാവം നഷ്ടപ്പെടാതിരിക്കാൻ കണ്ടൽ വനങ്ങൾ നിലനിർത്തും. ആവശ്യമുള്ളിട ങ്ങളിൽ ഇവ വച്ചുപിടിപ്പിക്കും, മത്സ്യസഞ്ചയങ്ങളും മത്സ്യക്കുഞ്ഞുങ്ങളും യഥേഷ്ടം വിഹരിക്കുന്ന കളിത്തൊട്ടിലുകളായി കായൽപ്പരപ്പുകളെ പുന:സൃഷ്ടിക്കാൻ ആസൂത്രിതമായ നടപിടകൾ എടുക്കും.

12. മഴവെള്ളം സൗകര്യമായി ഒഴുകിപ്പോകുന്നതിനും പ്രജനന കാലങ്ങളിൽ മത്സ്യക്കൂട്ടങ്ങൾക്കാവശ്യ മായ ജൈവാവശിഷ്ടങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും കേരളത്തിൻെറ സവിശേഷമായ ചാകര സ്ഥിരമായി നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ ആവിഷ്കരിക്കും.

13. പൊതു ജലാശയങ്ങളിൽ ജൈവ സമ്പത്തു വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടേയും നേതൃത്വത്തിൽ ജനപങ്കാളിത്ത ത്തോടെയുള്ള മത്സ്യസമ്പത്ത് സംവർദ്ധക പദ്ധതികൾ (Fish Resource Enhancememt Progrmmes) ആവിഷ്കരിക്കും.

14. മത്സ്യങ്ങളുടെ വളർച്ചയ്ക്കും വംശവർദ്ധനവിനും സഹായകമാവുന്ന രീതിയിൽ കടലിലും കായലുകളിലും കൃത്രിമ പാരുകൾ നിർമിച്ചും മത്സ്യ–ചെമ്മീൻ കുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ വിതച്ചും മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ ആവിഷ്കരിക്കും.

15. കായൽ മത്സ്യ വിഭവശേഷി ശാസ്ത്രീയമായി തിട്ടപ്പെടുത്തി അവയുടെ അടിസ്ഥാനത്തിൽ ചീനവലകളുടെയും ഊന്നിവലകളുടേയും മററും എണ്ണം ക്രമീകരിക്കും. അനധികൃത ഊന്നിവലകളും ചീനവലകളും ഉടമസ്ഥാവകാശത്തിൻെറ സ്വഭാവം കണക്കിലെടുത്ത് ഘട്ടം ഘട്ടമായി നീക്കം ചെയ്യും. ഓരോ പ്രദേശത്തിൻെറയും വിഭവശേഷിയും വിഭവ പരിപാലന ആവശ്യങ്ങളും കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിൻെറയും സഹകരണത്തോടുകൂടി ഊന്നി/ചീന വലകളുടെ എണ്ണം പുന:ക്രമീകരിക്കും. ഇതിനു വേണ്ടി തുറമുഖ വകുപ്പിൻെറയും മററ് ബന്ധപ്പെട്ട വകുപ്പുകളുടെയും അനുമതി ലഭ്യമാക്കും.

16. 1978–ലെ മജുംന്താർ കമ്മിററിയുടെ നിർദ്ദേശമനുസരിച്ചും 1996 ലെ മുരാരി കമ്മീഷൻെറ നിർദ്ദേശ മനുസരിച്ചും കടൽ സമ്പത്തിനെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും മത്സ്യബന്ധനത്തിന് നിയന്ത്രണം ഉണ്ടാക്കുന്നതിനും വേണ്ടി മത്സ്യമേഖലയെ സംബന്ധിക്കുന്ന സമഗ്രമായ ഒരു ദേശിയ നയത്തിന് രൂപം നല്കുകയും അതിന് നിയമപരിരക്ഷ നല്കണമെന്ന് കേന്ദ്രത്തോട് ആവശ്യ പ്പെടുകയും ചെയ്യും.

17. തീരക്കടലിലും സംസ്ഥാനത്തിൻെറ സമുദ്രാതിർത്തിയിലും വിദേശയാനങ്ങളുടെ മത്സ്യബന്ധനം പൂർണമായും നിരോധിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിനു മേൽ സമ്മർദ്ദം ചെലുത്തും. നിരോധനം ലംഘിക്കുന്ന വിദേശയാനങ്ങൾ കണ്ടുകെട്ടാൻ നടപടിയെടുക്കുകയും ചെയ്യും. ആഴക്കടൽ വിദേശ മത്സ്യ ബന്ധന യാനങ്ങൽ വ്യാപാരത്തിനായി സംസ്ഥാനത്തിൻെറ തുറമുഖങ്ങളിൽ എത്തുന്നത് നിയമം മൂലം നിയന്ത്രിക്കും.

18. യന്ത്ര വൽകൃത ബോട്ടുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രജിസ്ട്രേഷൻ കേന്ദ്ര സർക്കാ രിൻെറ നിയമപ്രകാരം തുറമുഖ വകുപ്പ് തുടർന്നും നടത്തുന്നതാണ്. ബോട്ടുടമകൾ തങ്ങളുടെ ബോട്ടുകൾ തുറമുഖവകുപ്പിൽ രജിസ്റ്റർ ചെയ്യണം.

<u>നയം.2.</u>

1. കേരളത്തിലെ ജലാശങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന എല്ലാ മത്സ്യബന്ധന ഉരുക്കൾക്കും ഉപകരണങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധിതമാക്കും.മത്സ്യത്തൊഴിലാളികൾക്ക് ഫീസ് ഒഴിവാക്കി ഫിഷിംഗ് ലൈസൻസ് കർശനമാക്കും.

2. വിവിധ ജലാശയങ്ങളിൽ മത്സ്യബന്ധത്തിനായി ഉപയോഗിക്കാവുന്ന വിവിധതരം എണ്ണവും പ്രവർത്തി സമയവും മുൻകൂട്ടി ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ക്ലിപ്ത പ്പെടുത്തും. യന്ത്രവൽക്കൃത ബോട്ടുകളുടെ എണ്ണം നിയന്ത്രിക്കും.

3. അനധികൃത മത്സ്യബന്ധനം (Unauthorised fishing) അമിത മത്സ്യബന്ധനം, (Over fishing) നശീകരണ മത്സ്യബന്ധനം (Destructive fishing) എന്നിവ കർശനമായി തടയും. നിയന്ത്രിത മത്സ്യ ബന്ധനം നിർബന്ധിതമാക്കുന്ന ഒരു പാക്കേജ് പ്രോഗ്രാം (Package Programme for Regulated Fishing) ആവിഷ്കരിച്ചു നടപ്പിലാക്കും.

4. ഉൾനാടൻ മത്സ്യമേഖലയിൽ യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിക്കും.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ നിലവിലുള്ള മത്സ്യബന്ധനാവകാശങ്ങൾ സംരക്ഷിക്കും. അവർക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനാവശ്യമായ സങ്കേതിക പരിശീലനം നൽകുകയും അതിനായി പ്രത്യേക ആഴക്കടൽ മത്സ്യബന്ധനത്തിനാവശ്യമായ സാങ്കേതിക പരിശീലനം നല്കുകയും അതിനായി പ്രത്യേക ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യും.

6. വിവിധയിനം മത്സ്യം പിടിക്കുന്നതിന് ഒരുതരം വലമാത്രം ഉപയോഗിക്കുന്ന ഇന്നത്തെ അവസ്ഥയ്ക്കും മാററം വരുത്തി ഓരോ ഇനം മത്സ്യത്തിനും അതിനു യോജിച്ച പ്രത്യേകം വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് നടപടി സ്വീകരിക്കും. നിരോധിക്കപ്പെട്ട വലകൾ ഉണ്ടാക്കുന്നതും വിൽക്കുന്നതും ഉല്പാദന–വിപണനരംഗങ്ങളിൽ തന്നെ നിരോധിക്കും. ഇത്തരം വലകൾ അന്യ സംസ്ഥാന ങ്ങളിൽ നിന്നും കൊണ്ടുവരുന്നതും കർശനമായി തടയും.

7. ഉൾനാടൻ മത്സ്യ മേഖലയിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന എല്ലാ പൊതു ജലാശയങ്ങളും മററു ഭൂപ്രദേശങ്ങളും അതിർത്തി തിരിച്ച് മത്സ്യബന്ധന പ്രദേശങ്ങൾ (Fishing Zones) ആയി പ്രഖ്യാപിച്ച് സംരക്ഷിക്കും.

8. കടൽ മത്സ്യബന്ധത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജിവസുരക്ഷ ഉറപ്പാക്കുന്നതിന് സുസജ്ജമായ കടൽ രക്ഷാസംവിധാനങ്ങളും പരിപാടികളും പ്രാവർത്തികമാക്കുകയും ഇക്കാര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കൂടി സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യും.

9. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളെ നിരീക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കോസ്റ്റ് ഗാർഡും പോർട്ടും നേവിയുമായി സഹകരിച്ചു കൊണ്ട് ഫിഷറീസ് വകുപ്പിൻെറ കീഴിൽ സുസജ്ജമായ മോണിററിംഗ്–കൺട്രോൾ സർവെയ്‌ലൻസ് (എം.സി.എസ്) സംവിധാനങ്ങൾ സംഘടിപ്പിക്കും. 1984 ലെ സീ റെസ്ക്യു ഫോർ ഫിഷൻമെൻ എന്ന സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 2/84/ററി.എഫ്. ആൻറ്. പി.ഡി. തീയതി 10–01–84) പ്രകാരമുള്ള കടലിലെ രക്ഷാപ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതാണ്.

10. തീരക്കടലിലെ യന്ത്രവൽകൃത ബോട്ടുകളുടെ ആധിക്യം കുറയ്ക്കുന്നതിന് യന്ത്ര വൽകൃത ബോട്ടു കളെ ആഴക്കടൽ മത്സ്യബന്ധനത്തിനനുയോജ്യമായ രീതിയിൽ സജ്ജമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.

11. തീരക്കടലിൻെറ ടെറിട്ടോറിയൽ മേഖലയിൽ 2 കിലോ മീററർ പ്രദേശത്ത് ഒരു വിധത്തിലുള്ള യന്ത്ര വൽകൃത യാനങ്ങളും മത്സ്യബന്ധനത്തിനായി ഉപയോഗിക്കാൻ അനുവദിക്കില്ല. സംസ്ഥാന സർക്കാ രിൻെറ നിയന്ത്രണത്തിലുള്ള 22 കിലോമീററർ മേഖലയിൽ മത്സ്യബന്ധനം നടത്തുവാനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു മാത്രമായി നിജപ്പെടുത്തും.

12. യന്ത്രവൽകൃത ബോട്ടുകളിൽ പ്രവർത്തിക്കുന്നവർ തുറമുഖവകുപ്പിൽ നിന്നും കേരള ഹാർബർ ക്രാഫ്ററ് റൂൾസ് 1970 പ്രകാരമുള്ള സ്രാങ്ക്, ഡ്രൈവർ എന്നീ ലൈസൻസുകൾ നേടിയിരിക്കണം.

13. മത്സ്യബന്ധനം സംസ്ഥാന വിഷയമായതുകൊണ്ടും കേരളത്തിലെ മത്സ്യബന്ധന വികസനം വ്യത്യസ്ത ഘട്ടത്തിലായതിനാലും കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിലുള്ള പദ്ധതികൾ നമ്മുടെ ആവശ്യ ങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുന്നതിന് നടപടിയെടുക്കും.

14. സംസ്ഥാനത്തിൻെറ മത്സ്യാധിഷ്ഠിത സമ്പത്ത് വ്യവസ്ഥയിൽ സ്ത്രീകൾക്കുള്ള പ്രമുഖ പങ്ക് അംഗീ കരിച്ചു കൊണ്ട് മുൻകാലങ്ങളിൽ മത്സ്യബന്ധന വികസനത്തിൻെറ സൽഫലങ്ങൾ അവർക്ക് ലഭിക്കുന്ന തിൽ വന്ന ഏററക്കുറച്ചിലുകൾ പരിഹരിക്കാൻ പരിശ്രമിക്കുന്നതാണ്.

15. യന്ത്രവൽകൃത ബോട്ടുകളുടെ മത്സ്യബന്ധനം KMFR Act അനുസരിച്ച് കർശനമായി നിയന്ത്രിക്കും.

16. ഈ മേഖലയിലെ സംഘർഷങ്ങൾ കുറയ്ക്കുന്നതിനും മത്സ്യവിഭവങ്ങളുടെ ഏററവും പ്രയോജനപ്രദമായ ഉപയോഗം സാദ്ധ്യമാക്കുന്നതിനും അയൽ സംസ്ഥാനങ്ങളായ കർണാടകവും തമിഴ്നാടുമായി യോജിച്ച് അന്യോന്യം തീരക്കടൽ പ്രദേശത്തെ മീൻപിടിത്തവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും ഇതിനായി അന്തർ സംസ്ഥാന സംവിധാനവും ഉചിതമായ ഭരണ നടപടി ക്രമങ്ങളും ഉണ്ടാക്കുന്നതിനു മുൻകൈ എടുക്കുന്നതാണ്.

<u>നയം.3.</u>

1. കേരളത്തിലെ വിപുലമായ ജലകൃഷി സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോല്പാദനം (മത്സ്യം/ചെമ്മീൻ/കൊഞ്ച്/ഞണ്ട്/കക്ക/ചിപ്പി മുതലായവ) വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ള പദ്ധതികൾ പഞ്ചായത്തുതലങ്ങളിൽ ആവിഷ്കരിച്ച് മത്സ്യത്തൊഴിലാളി പങ്കാളിത്തത്തോടെ നടപ്പാക്കും. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഇത്തരം പദ്ധതികളിൽ മുൻഗണന നല്കും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സ്ഥലം പാട്ടത്തിന് നല്കുമ്പോൾ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് മുഖ്യപരിഗണന നല്കാൻ നടപടിയെടുക്കും.

2. കേരളത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശിക ജലകൃഷി സാധ്യതകൾ വികസിപ്പിക്കുന്നതിന് പാൻഫിഷ് സർവേ അടിസ്ഥാനപ്പെടുത്തി സംസ്ഥാന തലത്തിൽ ഒരു മാസ്റ്റർ പ്ലാൻ (Master Plan of Development of Aquaculture in Kerala) തയ്യാറാക്കും.

3. നെൽക്കൃഷിയും മത്സ്യക്കൃഷിയും സമന്വയിപ്പിച്ച് ഉല്പാദന വർദ്ധന ഉറപ്പു വരുത്തുന്ന ഒരു വിള നെല്ലും–മറുവിള മീനും (Paddy-Fish-Crop Rotation -PFCR) പോലുള്ള സംയോജിത–മത്സ്യക്കൃഷി (Integreated Fishing) സംരംഭങ്ങൾ ഒരു പൂ നെൽകൃഷി മാത്രം ചെയ്തു വരുന്ന പാടശേഖരങ്ങളിൽ ആവാസവ്യവസ്ഥയെ (Eco- System) ബാധിക്കാതെ രീതിയിൽ പ്രോത്സാഹിപ്പിക്കും.

4. കേരളത്തിലെ ജലസംഭരണികളിൽ ജന പങ്കാളിത്തത്തോടെയുള്ള സമഗ്ര ഫിഷറീസ് വികസന സംരംഭങ്ങൾ (Fisheries Estates) നടപ്പിലാക്കും.

5. ജലകൃഷി സംരംഭങ്ങൾക്ക് നിയമപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

6. കാർഷിക മേഖലയ്ക്ക് ഇപ്പോൾ നല്കി വരുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യമേഖലയിലും ലഭ്യമാക്കാൻ നടപടികൾ ആവിഷ്ക്കരിക്കും. വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങളെ വ്യാവസായികമായി പ്രവർത്തനങ്ങളായി അംഗീകരിക്കും.

7. കർഷകർക്കും നാടിനും വളരെയധികം നഷ്ടമുണ്ടാക്കുന്ന ചെമ്മീൻ/ മത്സ്യരോഗം തടയുന്നതിനും ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിലെ ഹാച്ചറികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ കൊണ്ടു വരുന്നത് നിയന്ത്രണം ഏർപ്പെടുത്തും. ഇതിൻെറ ഭാഗമായി സംസ്ഥാനത്ത് ഇപ്പോഴുള്ള ഹാച്ചറികൾ, ചെമ്മീൻ/മത്സ്യത്തീററ ഫാക്ടറികൾ എന്നിവയ്ക്ക് ലൈസൻസും ഗുണമേന്മാനിയന്ത്രണങ്ങളും നിർബന്ധമാക്കും.

8. സംസ്ഥാനത്തെ ചെറുതും വലുതുമായ മുഴുവൻ ജല സംഭരണികളും മത്സ്യകൃഷിയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് അവയുടെ മത്സ്യക്കൃഷി– മത്സ്യബന്ധനാവകാശം പൂർണമായും മത്സ്യവകുപ്പിൽ നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിക്കും. വേനൽക്കാലത്ത് അണക്കെട്ടു പ്രദേശത്ത് കൃഷി നിലനിറുത്തുന്നതിന് ആവശ്യമായ ജലം സംഭരണികളിൽ ഉറപ്പാക്കിക്കൊണ്ട് ജലസംഭരണികളിലെ മത്സ്യക്കൃഷി വികസനവും മത്സ്യബന്ധനവും ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കാൻ, ഫിഷറീസ് വകുപ്പും മത്സ്യഫെഡും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കും.

9. കേരളത്തിലെ നദികൾ മിക്കവയും വേനൽക്കാലത്ത് വററുന്നവയാണ്. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് പരിസ്ഥിതിക്കിണങ്ങിയ രീതികളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് നദികളിൽ വെള്ളം

തടഞ്ഞുനിർത്തി, അവിടെ മത്സ്യക്കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കും. ചെക്കുഡാമുകളുടെ പരിരക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൈമാറാൻ പദ്ധതി ആവിഷ്കരിക്കും.

10. ചിപ്പികൃഷി, മുരിങ്ങ കൃഷി, ഞണ്ടുവളർത്തൽ തുടങ്ങിയ കടലോര ജലക്കൃഷി (Coastal Aquaculture) സംരംഭങ്ങൾ വികസിപ്പിക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (CMFRI) വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ പ്രായോഗികമായി നടപ്പാക്കും.

11. പാടശേഖരങ്ങളിൽ നിന്നുള്ള കളകളും പായലുകളും ഉൾനാടൻ ജലാശയങ്ങളിലേയ്ക്ക് തള്ളിവിടുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

12. തുറസായ ഓരുജല സംവിധാനത്തിൽ നിന്നുള്ള മത്സ്യ/ചെമ്മീൻ വിത്തുശേഖരണം തടയാൻ നടപടിയെടുക്കും.

13. കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യും.

14. ഗുണമേന്മയുള്ള വിത്തും തീററയും മരുന്നും ലഭ്യമാക്കുന്നതിന് എം.പി.ഇ.ഡി.എ.യുമായി ചേർന്ന് ഗുണനിയന്ത്രണ ലാബോറട്ടറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.

<u>നയം.4.</u>

1. കേരളത്തിലെ ആഭ്യന്തര മത്സ്യവിപണികൾ ആരോഗ്യപരമായ ചുററുപാടുകളുള്ള ആധുനിക മത്സ്യ വിപണികളായി നവീകരിക്കും.

2. മത്സ്യവിപണികൾക്കും മത്സ്യ വിപണനത്തിലേർപ്പെടുന്നവർക്കും രജിസ്ട്രേഷനും ലൈസൻസും നിർബന്ധിതമാക്കും.

3. കേരളത്തിൽ മത്സ്യഫെഡിൻെറ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണസംഘങ്ങളെ തമ്മിൽ ബന്ധപ്പെടുത്തിയും ആഭ്യന്തര മത്സ്യവിപണികളുടെ ശൃംഖല സൃഷ്ടിച്ചും പ്രാദേശിക തലത്തിൽ, മത്സ്യ വിപണനം വിപുലപ്പെടുത്തിയും ഗുണമേന്മയുള്ള നല്ലയിനം മത്സ്യങ്ങൾ ഉപഭോക്താക്കൾക്കു ലഭ്യമാക്കുകയും ചെയ്യും.

4. മത്സ്യഫെഡിൻെറ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രാദേശിക മത്സ്യമാർക്കററുകളോടു ചേർന്ന് കേരളത്തിലുടനീളം മത്സ്യത്തൊഴിലാളികൾ നടത്തുന്ന മത്സ്യമാർക്കററുകൾ സ്ഥാപിക്കും. ഈ മാർക്കററുകളിലൂടെ മത്സ്യോപഭോക്താക്കൾക്ക് മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് മത്സ്യം വാങ്ങുവാൻ കഴിയും.

5. സംസ്ഥാനത്തിനകത്തേയ്ക്ക് പ്രോസസിംഗിനായി കൊണ്ടു വരുന്ന ചെമ്മീൻ/ കണവ എന്നിവയ്ക്കൊഴിച്ച് വില്പനയ്ക്കായി കൊണ്ടു വരുന്നതും സംസ്ഥാനത്തിനു പുറത്തേയ്ക്ക് കൊണ്ടു പോകുന്നതുമായ എല്ലാ മത്സ്യ-ചെമ്മീൻ സമ്പത്തിനും പ്രവേശന നികുതിയും സെസും ഏർപ്പെടുത്തും. സംസ്ഥാനത്തിനു പുറത്തുനിന്നും കൊണ്ടു വരുന്ന മത്സ്യ/ചെമ്മീൻ സമ്പത്തിൻെറയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കും.

6. മത്സ്യത്തൊഴിലാളികളെ മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് ആദ്യ വിൽപ്പനയ്ക്കുള്ള അവകാശം (Right for first sale) നിയമാനുസൃതമായി മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്താൻ നടപടിയെടുക്കും.

7. ലാൻറിംഗ് സെൻററുകളിലും ഹാർബുകളിലും മത്സ്യലേലം നടത്തുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്കോ മാത്രം ആക്കി നിയമനിർമ്മാണം നടത്തും.

8. ആഭ്യന്തര ഉപയോഗത്തിന് ഹാനികരമാകാത്തവിധം കയററുമതിയിലെ മൂല്യ വർദ്ധനവ് (Value added Export) പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയെടുക്കും.

നയം.5.

1. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യനിതിയും തൊഴിൽ ഭദ്രതയും ഉറപ്പു വരുത്തുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കും.

2. മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങളിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തുകയും നിലവിലുണ്ടായിരുന്നതും നിലവിലുള്ളതുമായ പദ്ധതികൾ തുടരുകയും ചെയ്യും. വൈദ്യുതി എത്താത്ത മത്സ്യഗ്രാമങ്ങളിൽ പാരമ്പര്യേതര ഊർജ്ജ വിളക്കുകൾ സ്ഥാപിക്കും.

3. തീരപ്രദേശത്ത് പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾക്കിടയിൽ സാക്ഷരത, തുടർവിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവയ്ക്കായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും. മലീനീകരണ നിയന്ത്രണം, ജലസംരക്ഷണം, ആരോഗ്യസംരക്ഷണം, മത്സ്യ സമ്പത്തിൻെറ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയെപ്പററി ബോധവൽക്കരണ–പഠന പരിപാടികൾ തീരദേശങ്ങളിൽ നടപ്പാക്കും.

4. തീരദേശത്തും കായൽ തീരത്തും സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എല്ലാ മത്സ്യത്തൊഴിലാളികളും കുടുംബങ്ങൾക്കും സാനിട്ടറി സൗകര്യത്തോടെയുള്ള വീടു വച്ചു നൽകുന്നതിന് സമ്പൂർ ഭവന പദ്ധതി (Total Housing Programme- THP) നടപ്പാക്കും.

5. തീരപേദേശത്ത് ശുചിത്വാരോഗ്യ പരിപാടികൾക്കു മുൻതൂക്കം നല്കുന്ന തരത്തിൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും. സാമൂഹികാരോഗ്യ സംരക്ഷണം (Community Health Care) മുൻനിറുത്തി തീരദേശ പഞ്ചായത്തുകളിൽ പ്രായോഗിക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കും.

6. തീരപ്രദേശത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ആരോഗ്യപരിരക്ഷ, ശുചിത്വപരിപാലനം എന്നിവ ഉറപ്പാക്കുന്നതിന് തീരദേശ കുടുംബാരോഗ്യ പരിപാടി (Costal Family Health Care Programme) നടപ്പാക്കും. മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ, കുട്ടികൾക്ക് ഡേ കെയർ സെൻറർ, ഗർഭിണികളായ സ്ത്രീകൾക്ക് പ്രത്യേക പരിരക്ഷാ പദ്ധതികൾ, പോഷകാഹാര വിതരണം തുടങ്ങിയവ ഈ പരിപാടിയിൽ ഉൾപ്പെടുത്തും.

7. മത്സ്യഗ്രാമങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക കുടിവെള്ള പദ്ധതികൾ (Special Projects for Supply of Drinking Water) നടപ്പാക്കും.

8. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രാദേശിക തലത്തിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള തീരദേശ പാഠ്യപദ്ധതികൾ ആവിഷ്കരിക്കും.

9. പാരമ്പര്യ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് മുൻഗണനയും സംവരണവും ഏർപ്പെടുത്തും. ഇവർക്ക് ഇപ്പോൾ നല്കി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ തൊഴിലധിഷ്ഠിത കോഴ്സുകൾക്കും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾക്കും കൂടി ബാധകമാക്കും. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അതതു വിദ്യാഭ്യാസ വർഷം തന്നെ വിതരണം ചെയ്യും.

10. മത്സ്യമേഖലയിൽ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ, സഹകരഹണ സംഘങ്ങൾ എന്നിവ ഏറെറടുക്കുന്ന ജലാശയ കൃഷി മത്സ്യ സംസ്കരണ സൗകര്യങ്ങൾ, വ്യവസായിക അടിസ്ഥാനത്തിൽ മത്സ്യ–പാക്കിംഗ്, മത്സ്യവില്പന, വിവിധ തരം മത്സ്യ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതികൾ തുടങ്ങിയ ചെറുകിട തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. ഇതിനായി ഇപ്പോൾ നിലവിലുള്ള വനിതാ ബാങ്കിൻെറ പ്രവർത്തനം വിപുലമാക്കും.

11. കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്ര–സാങ്കേതിക സ്ഥാപനങ്ങൾ, സർവകലാശാലകൾ, സന്നദ്ധ സംഘടനകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യമേഖലയെ ആശ്രയിച്ചു കഴിയുന്നവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ മത്സ്യവകുപ്പിൻെറ നേതൃത്വത്തിൽ വിവിധ ഏജൻസികൾ വഴി ആവിഷ്ക്കരിച്ചു നടപ്പിലാക്കും.

12. മത്സ്യത്തൊഴിലാളികളുടെ വാർഷിക പട്ടിക തയ്യാറാക്കുമ്പോൾ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന യഥാർത്ഥ മത്സ്യത്തൊഴിലാളികളെ മാത്രം ഉൾപ്പെടുത്താനാവശ്യമായ നടപടികൾ ആവിഷ്കരിക്കും. ഇതിനായി പഞ്ചായത്തുതലത്തിൽ തന്നെ മത്സ്യത്തൊഴിലാളികളുടെ പട്ടിക തയ്യാറാക്കും. സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സർക്കാർ ചെലവിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകും.

13. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ 18 വയസു പൂർത്തിയായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അംഗത്വം നൽകും.

14. പരമ്പരാഗത മത്സ്യമേഖലയെ സമ്പൂർണ്ണമായി സഹകരണവൽക്കരിക്കും.

15. മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിനു അന്തർദേശിയ വിപണിയിലും ആഭ്യന്തര വിപണിയിലുമുള്ള വിലയ്ക്ക് ആനുപാതികമായ വില നിശ്ചയിക്കുന്നതിനും അത് അവർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നിയമനിർമാണം നടത്തും.

16. തീരദേശവാസികളുടെ പുരോഗതിയെ ലാക്കാക്കിയുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾ തീര സംരക്ഷണനിയമത്തിൻെറ പേരിൽ തടസ്സപ്പെടാത്ത വിധം നിയമപരിരക്ഷ ഉറപ്പാക്കുന്നതിന് നടപടിയെടുക്കും.

17. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന വാർഷിക പദ്ധതിയിൽ തീരദേശ ജനസംഖ്യയ്ക്കാനുപാതികമായ തുക തീരദേശ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മത്സ്യമേഖല എന്ന പ്രത്യേക ശീർഷകത്തിൽ മാററി വയ്ക്കുന്നതിന് പദ്ധതികളാവിഷ്ക്കരിക്കും. ഇതിനായി പ്രത്യേക ധനസഹായം അനുവദിക്കും.

18. തീരദേശമേഖലയിലും ഉൾനാടൻ മേഖലയിലും നിലവിലുള്ള റവന്യു പുറമ്പോക്കു ഭൂമി മത്സ്യത്തൊഴിലാളികൾക്കു പതിച്ചു നൽകുന്നതിന് നടപടിയെടുക്കും. തുറമുഖ വകുപ്പിൻെറ അംഗീകാരത്തിനു വിധേയമായി സർവേ ചെയ്ത് അളന്നു തിട്ടപ്പെടുത്തിയിട്ടില്ലാത്ത കടലിനോടും ഉൾനാടൻ ജലാശയങ്ങളോടും ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ കുടിൽ കെട്ടി താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കൈവശാവകാശ രേഖ നൽകുന്നതിന് നടപടിയെടുക്കും.

19. പീലിംഗ് ഷെഡ് തൊഴിലാളികൾക്കു ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.

20. കടലോര മത്സ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കാൻ നടപടിയെടുക്കും.

21. 1997–ലെ ഫിഷറീസ് ടാക്സ് ഫോഴ്സിൻെറ ശുപാർശയിൽ പറഞ്ഞിരിക്കുന്ന മററു മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്ക് നിയമപ്രാബല്യം നൽകും.

22. മത്സ്യബന്ധനം– സംസ്കരണം–വിപണനം എന്നിവ സഹകരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ തുടർന്ന് നൽകുകയും ചെയ്യും.

23. വിനോദ സഞ്ചാരത്തിൻെറ പേരിൽ തീരദേശത്തു നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തീരദേശ വാസികളുടെ തൊഴിലിനേയും സാമൂഹ്യ ജീവിതക്രമത്തേയും പ്രതികൂലമായി ബാധിക്കാതെ നിയമം മൂലം നിരോധിക്കും.

24. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പുരോഗതിയെ ലാക്കാക്കിയുള്ള വികസന–ക്ഷേമ പ്രവർത്തനങ്ങൾ തീരസംരക്ഷണത്തിൻെറ പേരിൽ തടസ്സപ്പെടാത്തവിധം നിയമപരിരക്ഷ ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

25. കടലാക്രമണത്തിൻെറ ഭീഷണി നിലനിൽക്കുന്ന തീരദേശം സംരക്ഷിക്കുന്നതിനും കടലാക്രമണത്തിൻെറ കാര്യകാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനം നടത്തുന്നതിന് നടപടിയെടുക്കുകയും ചെയ്യും

26. മത്സ്യത്തൊഴിലാളികളെ അംഗങ്ങളാക്കിയ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ സ്വയം സഹായ ബാങ്കുകൾ തുടങ്ങും. ഇവ വഴി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കും.

<u>നയം.6.</u>

1. കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ മത്സ്യവ്യവസായ യൂണിററുകൾക്കും ഫിഷറീസ് വകുപ്പിൻെറ രജിസ്ട്രേഷനും വാർഷിക ലൈസൻസും നിർബന്ധിതമാക്കും.

2. 15 വർഷം കഴിഞ്ഞ മത്സ്യബന്ധന ഉരുക്കളുടെ രജിസ്ട്രേഷൻ റദ്ദാക്കും. പുതിയ മത്സ്യബന്ധന ബോട്ടുകളുടെയും വള്ളങ്ങളുടെയും നിർമ്മാണം ആവശ്യാനുസരണം നിയന്ത്രിക്കും. ഇപ്രകാരം റദ്ദാക്കപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കു പകരം പുതിയവ നിർമ്മിക്കുവാൻ ഉടമയ്ക്ക് മുൻഗണന നൽകും. തുറമുഖ വകുപ്പിൽ ഉടമസ്ഥാവകാശം രജിസ്റ്റർ ചെയ്തിട്ടുള്ള വാണിജ്യ ബോട്ടുകൾക്ക് ഇത് ബാധകമായിരിക്കുന്നതല്ല.

3. വള്ളപ്പുരകൾ, സ്വകാര്യ ഫിഷ് ലാൻറിംഗ് സെൻററുകൾ, ലേലത്തറകൾ, ലേലപ്പുരകൾ, പീലിംഗ് ഷെഡ്ഡുകൾ, പ്രീ-പ്രോസസിംഗ്-പ്രോസസിംഗ് പ്ലാൻറുകൾ, സ്റ്റോറേജ് ഹൗസുകൾ, കോൾഡ് സ്റ്റോറേജുകൾ, മീൻ ചാപ്പകൾ, മത്സ്യ-വാഹനങ്ങൾ എന്നിവയുടെ അടിസ്ഥാന നിലവാരം പുനർനിശ്ചയിച്ച് ഫിഷറീസ് വകുപ്പിൻെറ രജിസ്ട്രേഷനും ലൈസൻസും നിർബന്ധിതമാക്കും.

4. മത്സ്യ ആവാസവ്യവസ്ഥയ്ക്ക് ഹാനീകരമായ രീതിയിൽ മത്സ്യവ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ളവർ ഉണ്ടാക്കുന്ന ജലമലിനീകരണം നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തും.

5. മത്സ്യബന്ധനം മുതൽ കയററിറക്കുമതി വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഗുണനിലവാര സംരക്ഷണത്തിനുള്ള മുൻകരുതലുകൾ നിർബന്ധതികമാക്കും.

6. പഞ്ചായത്തുകളിലും സഹകരണ മേഖലയിലും ചെറുകിടമത്സ്യവ്യവസായ യൂണിററുകൾ സ്ഥാപിക്കുന്നതിനും വാല്യു ആഡഡ് പ്രോഡക്ട്സ് (VAP) ഉല്പാദനത്തിനുള്ള ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും ഉദാരമായ സബ്സിഡിയും വായ്പാസൗകര്യങ്ങളും ലഭ്യമാക്കും. മത്സ്യത്തൊഴിലാളി കളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും ആരംഭിക്കുന്ന ഇത്തരം സംരംഭങ്ങൾക്ക് മുൻഗണന നൽകും.

7. മത്സ്യമേഖലയിൽ കൂടുതൽ വ്യവസായ-വാണിജ്യ സംരംഭങ്ങൾ തുടങ്ങുന്നതിനും അതിനായി കൂടുതൽ തുക മുതൽ മുടക്കുന്നതിനും സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കും.

8. കേരളത്തിൽ അന്താരാഷ്ട്രാ നിലവാരമുള്ള ഫിഷ് പ്രോസസിംഗ് ആൻറ് എക്സ് പോർട്ട് യൂണി ററുകൾ (EOU) സ്ഥാപിക്കുന്നതിന് വിദേശ മൂലധന നിക്ഷേപം സ്വീകരിക്കും.

9. അലങ്കാര മത്സ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം, അക്വേറിയം അനുസാരികളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്കായി ചെറുകിട വ്യവസായ സംരംഭങ്ങളും കുടുംബയൂണിററുകളും പ്രോത്സാഹിപ്പിക്കും. മത്സ്യത്തൊഴിലാളികൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ വനിതാ സഹകരണ സംഘങ്ങൾ എന്നിവർ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് മുൻഗണന നൽകും.

10. കേരളത്തിൽ മത്സ്യവ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന സീഫുഡ് പാർക്കുകൾ സ്ഥാപിക്കും.

11. മത്സ്യ കയററുമതിൽ ഏർപ്പെട്ടിട്ടുള്ള പ്രോസസിംഗ് പ്ലാൻറുകൾ യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന (EU) സ്റ്റാൻഡാർഡും, പ്രകാരമുള്ള ഗുണനിലവാരങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും മത്സ്യോല്പ്പന്ന കയററുമതിയുടെ വളർച്ചയ്ക്കും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കും.

12. വൃത്തഹീനമായ ചുററുപാടിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകൾ അന്താരാഷ്ട്ര നിലവാരമനുസരിച്ച് പരിഷ്ക്കരിക്കുന്നതിനും പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മുഖ്യമായും സ്ത്രീകളുടെ തൊഴിൽ പരിഹരിക്കുന്നതിനും പണിയെടുക്കുന്ന സാഹചര്യങ്ങളും സേവന വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

13. അന്യസംസ്ഥാനങ്ങളിലെ മത്സ്യ സംസ്ക്കരണ പ്ലാൻറുകളിൽ പണിയെടുക്കുന്നതിന് 1979ലെ ഇൻറർ സ്റ്റേററ് മൈഗ്രൻറ് വർക്കുമെൻ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ച് കേരളത്തിൽ നിന്ന് സ്ത്രീത്തൊഴിലാളികളെ കോൺട്രാക്ടർമാർ ഇവിടെ നിന്ന് കൊണ്ടുപോവുകയും ഏററവും മോശപ്പെട്ട ചുററുപാടുകളിൽ അവരെ താമസിപ്പിച്ച് കുറഞ്ഞ കൂലിയ്ക്ക് ജോലി ചെയ്യിപ്പിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ തന്നെ മുൻകൈയെടുത്ത് ഈ വിഭാഗം തൊഴിലാളികളെ റിക്രൂട്ടു ചെയ്യുന്നതിന് ഒരു റിക്രൂട്ട്മെൻറ് ഏജൻസിയ്ക്ക് രൂപം നൽകുന്നതിനും ഈ വിഭാഗം തൊഴിലാളികളുടെ സേവനം അംഗീകൃത വ്യവസ്ഥകൾക്കു വിധേയമായി കേരളത്തിനകത്തും പുറത്തുള്ള തല്പരരായ സംസ്ക്കരണശാലകൾക്ക് എത്തിച്ചുകൊടുക്കുന്നതിനും നടപടിയെടുക്കും.

നയം – 7

1. സംസ്ഥാന ഫിഷറീസ് വകുപ്പിനു കീഴിൽ മത്സ്യമേഖലാ പ്രവർത്തനങ്ങൾ ഉള്ള സ്ഥലങ്ങളിൽ പഞ്ചായത്തുതല മത്സ്യഭവനുകൾ സ്ഥാപിച്ചുകൊണ്ട് ഘടനാപരമായും പ്രവർത്തിപരമായും സമഗ്രമായി പുന:സംഘടിപ്പിക്കും.

2. കേരളത്തിൻെറ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളും പദ്ധതികളും സംസ്ഥാനതലത്തിൽ പൊതു സമീപനത്തോടെ (Holistic Approach) ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാന ഫിഷറീസ് വകുപ്പിലെ പ്രോജക്ട് സെൽ സംവിധാനം വിപുലമാക്കി ശക്തിപ്പെടുത്തും.

3. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്രസംസ്ഥാന ശാസ്ത്ര സ്ഥാപനങ്ങൾ യൂണിവേഴ് സിററികൾ സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഏകോപിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട് കേരളത്തിനാവശ്യമായ മത്സ്യമേഖലാ പദ്ധതികൾ മൊത്തത്തിൽ ആസൂത്രണം ചെയ്യുന്നതിനും മത്സ്യ മേഖലയിലെ വിഭവ സംരക്ഷണ വികസന പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവി ലുള്ള ഫിഷറിസ് റിസോഴ്സ് മാനേജ്മെൻറ് സൊസൈററിയും പ്രോജക്ടു സെല്ലും ശക്തിപ്പെടുത്തും. മത്സ്യ മേഖലാ സ്ഥാപനങ്ങൾളെ ഏകോപിപ്പിക്കുന്നതിനും മത്സ്യമേഖലയുടെ വികസനത്തിനാവശ്യമായ പദ്ധതി രൂപീകരണത്തിനും ആവശ്യമായ മാനശേഷിവികസനത്തിനും എല്ലാ സ്ഥാപനങ്ങൾക്കുമുള്ള മാർഗ നിർ ദ്ദേശക ഏജൻസിയായ സംയോജിത സ്ഥാപനമായി റിസോഴ്സ് മാനേജ്മെൻറ് സെല്ലിനെ വികസിപ്പിക്കും. സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ മത്സ്യമേഖലയുടെ വികസനത്തിന് അർത്ഥപൂർണമായ വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിന് പ്രോജക്ട് സെല്ലിനോടനുബന്ധിച്ച് റിസർച്ച് ആൻറ് ഡവലപ്പ്മെൻറ് (ആർ&ഡി) വിഭാഗം ആരംഭിക്കും.

4. മത്സ്യമേഖലാ സ്ഥാപനങ്ങളിൽ ദശാബ്ദങ്ങളായി തുടർന്നുവരുന്നതും കാലഹരണപ്പെട്ടതുമായ ചില മത്സ്യമേഖലാ പദ്ധതികളുടെ (1980 നു മുമ്പുള്ള പദ്ധതികൾ) ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പേരിൽ ഉണ്ടായിട്ടുള്ള എല്ലാ കടബാദ്ധ്യതകളും കുടിശ്ശികയും എഴുതിത്തള്ളുകയും അതിനുശേഷമുള്ള വർക്ക് ആവശ്യമായ കടാശ്വാസ പദ്ധതികൾ കൊണ്ടുവരികയും ചെയ്യും. ഈ പദ്ധതികൾക്കായി ഉണ്ടാക്കി യിട്ടുള്ള പ്രയോജനകരമായ എല്ലാ ഔദ്യോഗിക സംവിധാനങ്ങളും തസ്തികകളും മററു വികസന പദ്ധതി കളാവിഷ്ക്കരിച്ച് പുനർ വിന്യസിക്കുകയും ചെയ്യും.

5. ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യബോർഡ്, അഡാക്ക്, ഫിർമ, നിഫാം എന്നീ മത്സ്യമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സർവീസ് ചട്ടങ്ങൾ – പൂർണമായും ഭേദഗതി ചെയ്യും. കാലോചിതമായ രീതിയിൽ തസ്തികകൾ പരിഷ്ക്കരിക്കുകയും ഫിഷറീസ് ബിരുദധാരികൾക്കും പ്രൊഫഷണലുകൾക്കും പ്രവേശനം ലഭിക്കത്തക്ക തരത്തിൽ നിയമന മാനദണ്ഡങ്ങളും സർവീസ് ചട്ടങ്ങളും സമഗ്രമായി പരിഷ്ക്കരിക്കുകയും നിയമനങ്ങളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുകയും ചെയ്യും.

6. മത്സ്യമേഖലയിൽ രജിസ്ട്രേഷൻ, ലൈസൻസിംഗ്, മോണിറററിംഗ് കൺട്രോൾ, സർവേയ്ലൻസ്, മത്സ്യബന്ധന നിയന്ത്രണം, മത്സ്യ വിപണി–വിപണന നിയന്ത്രണം, ഗുണമേന്മാ നിയന്ത്രണം, നിയമപാലനം, നികുതി പിരിവ് തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഇപ്പോൾ ഫിഷറീസ് വകുപ്പിൽ നിലവിലുള്ള മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗത്തെ ശക്തിപ്പെടുത്തി സഹകരണസ്ഥാപനങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി ഫിഷറീസ് റഗുലേററി ഇൻഫോഴ്സ് മെൻറ് വിഭാഗമായി പുന:സംഘടിപ്പിക്കും.

7. മത്സ്യമേഖലയിൽ നാളിതു വരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആഴത്തിൽ പരിശോധിച്ച് അവ ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള ഗുണദോഷഫലങ്ങളും സാമൂഹ്യനേട്ടങ്ങളും കൃത്യ മായി വിലയിരുത്തി മത്സ്യഫെഡിൻെറ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യും.

8. മത്സ്യഫെഡിൻെറ ഇന്നത്തെ ഘടനയും പ്രവർത്തന രീതികളും സംസ്ഥാന സഹകരണ നിയമം അനുസരിച്ച് പുനർനിർണയിച്ച് സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കത്തക്ക രീതിയിൽ പുന:സംഘടിപ്പിക്കും.

9. ഒരു മത്സ്യഗ്രാമത്തിൽ ഒരു സംഘം എന്ന തത്വത്തിൽ കടൽ മത്സ്യമേഖലയിലെ മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണ സംഘങ്ങളുടേയും ഉൾനാടൻ മേഖലയിലെ പ്രവൃത്ത്യുന്മുഖമായ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളുടേയും അപ്പെക്സ് സംഘമായി സഹകരണ നിയമമനുസരിച്ച് മത്സ്യഫെഡിനെ പുന:സംഘടിപ്പിക്കും.

10. മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘങ്ങളിൽ, നിലവിലുള്ള സഹകരണ നിയമമനുസരിച്ച് മത്സ്യത്തൊഴിലാളികൾക്കു മുഴുവൻ അംഗത്വം അനുവദിക്കുകയും സഹകരണസംഘത്തിൻെറ ഗുണകരമായ പ്രവർത്തനത്തിന് സംഘത്തിലെ അംഗസംഖ്യയ്ക്ക് രണ്ടു ശതമാനം വരെ സാമൂഹ്യപ്രവർത്തകർക്കു കൂടി അംഗത്വം നല്കി മത്സ്യമേഖലയിലെ സഹകരണസംഘങ്ങൾക്കു മത്സ്യഫെഡിൽ അഫിലിയേഷൻ നല്ക്കുന്നതിനു നിശ്ചിതമായ പുതുക്കിയ മാനദണ്ഡങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യും.

11. സംസ്ഥാന ഫിഷറീസ് വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻറ് മാനേജ്മെൻറ് (നിഫാം) എന്ന സ്ഥാപനത്തെ ഒരു കേന്ദ്രീകൃത പരിശീലന കേന്ദ്രമായും, സെൻറർ ഓഫ് ഫിഷറിസ് എക്സലൻസ് ആയും വികസിപ്പിക്കും.

12. ജലകൃഷി വികസന ഏജൻസി, കേരളം (ADAK) എന്ന സ്ഥാപനത്തെ കേരളത്തിലെ മത്സ്യ കാർഷിക മേഖലയുടെ സർതോന്മുഖമായി വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംസ്ഥാനതല ഏജൻസിയായി പുന:സംഘടിപ്പിക്കും. ജലകൃഷി വികസനവുമായി ബന്ധപ്പെട്ട എല്ലാ പൊതുമേഖലാ സംരംഭങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഈ ഏജൻസിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കും.

13. ജലകൃഷി വികസന ഏജൻസി, കേരളം (ADAK) എന്ന സ്ഥാപനം കേരളത്തിലെ മത്സ്യ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന 14 മത്സ്യ കർഷക വികസന ഏജൻസികളുടേയും (F.F.D.A.) 6 ഒരു ജല മത്സ്യ കർഷക വികസന ഏജൻസികളുടേയും (B.F.F.D.A.) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സംസ്ഥാനതല നോഡൽ ഏജൻസികൂടി ആയിരിക്കും.

14. അഡാക്ക്, ഫിർമ, നിഫാം എന്നീ മൂന്ന് മത്സ്യമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നിഫാമിനായിരിക്കും. മത്സ്യമേഖലയുടെ വികസനത്തിനാവശ്യമായ പദ്ധതി രൂപീകരണത്തിനും ഭരണപരമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും മത്സ്യമേഖലയ്ക്ക് ആവശ്യമായ മാനവശേഷിവികസനത്തിനും പര്യാപ്തമായ ഒരു സംയോജിത സ്ഥാപന സംവിധാനമായി ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കും.

15. മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിലേയ്ക്ക് പണം സ്വരൂപിക്കുന്നതിന് പുതിയ നിയമ നിർമ്മാണം നടത്തി ധനാഗമമാർഗങ്ങൾ കണ്ടെടുത്തും. മത്സ്യകൃഷി, ചെമ്മീൻ വാററ്, മത്സ്യം കയററിപ്പോകുന്ന വാഹനങ്ങൾ, ചെമ്മീൻ കെട്ടുകൾ, ഫിഷിംഗ് ബോട്ട്, യന്ത്രങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുകൂടി ക്ഷേമനിധിവിഹിതം ഈടാക്കാൻ നടപടികൾ ആവിഷ്ക്കരിക്കും. ഹാർബറുകൾ, ലാന്റിംഗ് സെൻറുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വരുമാനത്തിൽ ഒരു വിഹിതം ക്ഷേമനിധിയ്ക്കായി മാററി വയ്ക്കും.

16. മത്സ്യത്തൊഴിലാളികളുടേയും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന മററു തൊഴിലാളികളുടേയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, കുടുംബ സംവിധാനം തുടങ്ങിയ മേഖലകളിൽ അടിസ്ഥാനപരമായ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുന്ന വിപുലമായ ഒരു പാക്കേജ് പദ്ധതി (Package of Basic Welfae Programmes) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു വഴി നടപ്പാക്കും.

നയം – 8

1. പ്രദേശിക മത്സ്യമേഖലാപ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പ്രാദേശികതല പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ എല്ലാ മത്സ്യമേഖലാ സ്ഥാപനങ്ങളിലും സംഘടിപ്പിക്കും. മത്സ്യവകുപ്പ് ഈ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കും.

2. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ആനുകൂല്യങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് പട്ടികജാതി/പട്ടികവർഗക്കാർക്കു ലഭിക്കുന്ന പരിഗണനയും ആനുകൂല്യങ്ങളും ഉറപ്പാക്കും.

നയം – 9

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക മത്സ്യമേഖലാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ ഫിഷറിസ് ഡേററാബേസ് പഞ്ചായത്തുതല പാൻ ഫിഷ് ബുക്കുകൾ വഴി തയ്യാറാക്കും. ഫിഷറിസ് ഡേററാബേസ് അടങ്ങുന്ന സി.ഡികൾ ലഭ്യമാക്കും. ഇതിനായി ഫിഷറിസ് പ്രോജക്ട് സെല്ലിൻെറ ആഭിമുഖ്യത്തിൽ ഒരു ഫിഷറിസ് ഡേററാ ബാങ്ക് സ്ഥാപിക്കും.

നയം – 10

1. മത്സ്യമേഖലയിൽ വിവിധ വികസന ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അതിനാവശ്യമായ പണം സ്വരൂപിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് ക്രെഡിററ് ലിങ്ക് പദ്ധതികളും ക്രെഡിററ് പ്ലാനുകളും തയ്യാറാക്കും. പ്രാദേശിക തലങ്ങളിൽ മത്സ്യമേഖലാ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമുള്ള ഫണ്ട് ക്രെഡിററ് (വായ്പ) ആയി വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാസമയം ലഭ്യമാക്കുന്നതിനുള്ള ജില്ലാതല–സംസ്ഥാന തല ക്രെഡിററ് പ്ലാനുകൾ മുൻകൂട്ടി ആവിഷ്ക്കരിക്കാൻ നടപടിയെടുക്കും.

2. മത്സ്യമേഖലയിൽ സ്ത്രീകളുടെ സഹകരണ സംഘങ്ങളും സ്വയം സഹായസംഘങ്ങളും രൂപീകരിച്ച് മൈക്രോ ക്രെഡിററ് സംരംഭങ്ങൾ ആരംഭിക്കും.

നയം – 11

മത്സ്യമേഖലയിൽ വളർന്നുവരുന്ന സ്വകാര്യ സംരംഭങ്ങളെ നിയന്ത്രണ വിധേയമായി പ്രോത്സാഹിപ്പിക്കും.

നയം – 12

1. മത്സ്യമേഖലയിലെ റവന്യൂ വരുമാന മാർഗ്ഗങ്ങൾ നിജപ്പെടുത്തി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തും.

2. മത്സ്യമേഖല സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും നല്കിയിട്ടുള്ള വായ്പകളിൻ മേൽ ഉണ്ടായിട്ടുള്ള തിരിച്ചടിവ് കുടിശ്ശിഖകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ അനുയോജ്യമായ ആശ്വാസപദ്ധതികൾ ആവിഷ്ക്കരിക്കും.

3. ഫിഷറീസ് ഹാർബറുകൾ ലാൻറിംഗ് സെൻററുകൾ, ഫിഷ് മാർക്കററുകൾ എന്നിവിടങ്ങളിൽ സേവന നികുതി ഈടാക്കുന്നതാണ്.

4. മത്സ്യമേഖല നിയമ നിഷേധങ്ങൾക്കും നിയമലംഘനങ്ങൾക്കും പിഴ ഈടാക്കും. അതിനായി കോമ്പൗണ്ടിംഗ് സിസ്റ്റം നടപ്പാക്കും.

നയം – 13

1. കടലപകടങ്ങൾ ഒഴിവാക്കുന്നതിനും കടലപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിൻെറയും തുറമുഖവകുപ്പിൻെറയും കീഴിൽ സംസ്ഥാനതലത്തിൽ ഒരു കടൽ സുരക്ഷാ പ്രവർത്തന വിഭാഗം (Sea Safety and Rescue Division) രൂപീകരിക്കും. കോസ്റ്റ് ഗാർഡ്, നേവി, എൻ.ആർ.എസ്.എ. തുടങ്ങിയ ഏജൻസികളുമായി ചേർന്ന് സുരക്ഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന നോഡൽ ഏജൻസി കൂടി ആയിരിക്കും ഈ വിഭാഗം.

2. മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യബന്ധനം ആദായകരമാക്കുന്നതിനും ആവശ്യമായ വാർത്താ വിനിമയ സംവിധാനങ്ങൾ സജ്ജമാക്കും.

3. കടലപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് പ്രദേശികതലത്തിൽ മത്സ്യത്തൊഴിലാളികൾ പങ്കാളികളാകുന്ന സീ റസ്ക്യൂ സ്ക്വാഡുകളും റസ്ക്യൂ സംവിധാനങ്ങളും സംഘടിപ്പിക്കും.

4. തീരദേശ റോഡുകൾ, കോൾഡ് സ്റ്റോറേജുകൾ, മത്സ്യമാർക്കററുകൾ, കമ്മ്യൂണിററി ഹാളുകൾ, മത്സ്യ/ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

5. മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ബാങ്കുകളും മററു ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന്  ക്രെഡിററ് ലിങ്ക് പദ്ധതികൾ ആവിഷ്ക്കരിക്കും.

6. മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉല്പാദന ക്ഷമമല്ലാത്ത പദ്ധതികൾക്കായി അമിത മൂലധനം നിക്ഷേപം നടത്തുന്നത് പൂർണമായും നിർത്തലാക്കും.

7. മത്സ്യമേഖലയിലെ തദ്ദേശഭരണതല–വികേന്ദ്രീതപദ്ധതി നിർവ്വഹണം ഏകോപിപ്പിക്കുന്നതിനും ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ മത്സ്യമേഖലാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനും ആസൂത്രിത മായ മത്സ്യമേഖലാ വികസനവും പരിപാലനവും നടപ്പാക്കുന്നതിനും വിവര സാങ്കേതിക വിദ്യ (ഐ.ററി) യുടെ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തും.

8. കേരളത്തിൻെറ മത്സ്യമേഖലയെ മൊത്തത്തിൽ പരിചയപ്പെടുത്തുന്ന തരത്തിൽ ഒരു പ്രത്യേക വെബ് സൈററ് വികസിപ്പിച്ചെടുക്കും.

9. പ്രദേശികതലങ്ങളിൽ ചെറുകിട വ്യവസായ യൂണിററുകളും കുടുംബ യൂണിററുകളും കുടുംബ തൊഴിൽ സംരംഭങ്ങളും നടപ്പിലാക്കും. വാണിജ്യാടിസ്ഥാനത്തിലുള്ള അലങ്കാര മത്സ്യകൃഷി, കയററുമതി എന്നിവ പ്രോത്സാഹിപ്പിക്കും. തീരദേശ മത്സ്യമേഖലാവികസന പരിപാലനത്തിന് പദ്ധതികൾ ആവിഷ്ക്ക രിക്കും. പൊതു ജലാശയങ്ങളിലെ മത്സ്യ വർദ്ധനവിനായി ഫിഷ് റാഞ്ചിംഗ്, സോഷ്യൽ ഫിഷറീസ്, കമ്മ്യൂ ണിററി ഫിഷറീസ്, ഫിഷറീസ് എസ്റേററ് എന്നീ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ., മത്സ്യഫെഡ് എന്നീ ഏജൻസികളുടെ സഹകരണ ത്തോടെ പഞ്ചായത്തു തലങ്ങളിൽ ഫലപ്രദമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

10. ജലാശയങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടും കേരളത്തിലെ സാംസ്കാരിക പൈതൃകം നിലനിർത്തിക്കൊണ്ടും പരമ്പരാഗതമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജന പ്പെടുത്തുന്നവിധം പ്രാദേശികതല ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കും.

11. കേരളത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വരുമാനം വർദ്ധിപ്പിക്കുവാൻ സഹായക മാവുന്ന തരത്തിൽ ബീച്ച് ടൂറിസം, ബാക്ക് വാട്ടർ, ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കും.

12. കേരളത്തിലെയും ഇന്ത്യയിലെയും യന്ത്രവൽക്കൃത മത്സ്യബന്ധന വികസന ചരിത്രത്തിൻെറ സ്മാരകമായി കൊല്ലം ജില്ലയിലെ നീണ്ടകരയിൽ ഒരു ഐ.എൻ.പി. മ്യൂസിയവും കേരളത്തിലെ മത്സ്യ ത്തൊഴിലാളികളുടെ സാമൂഹകവും തൊഴിൽപരവുമായ കഴിവുകളും പ്രത്യേകതകളും മത്സ്യമേഖലയുടെ സവിശേഷതകളും പ്രദർശിപ്പിക്കുന്ന രണ്ട് എത്നിക് മ്യൂസിയങ്ങൾ എറണാകുളം, കോഴിക്കോട് എന്നിവിട ങ്ങളിലും സ്ഥാപിക്കും.

13. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട തടാകങ്ങളിലും ജലസംഭരണികളിലും പയാവൊ ഫിഷിംഗിനും ആംഗിളിംഗിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

14. പശ്ചിമഘട്ട പർവതനിരകളിലെ ശീതജല പ്രദേശങ്ങളിൽ വിനോദസഞ്ചാരികൾക്ക് വേണ്ടി നിയന്ത്രിതമായ രീതിയിൽ സ്പോർട്ട് ഫിഷിംഗ്, ഗെയിം ഫിഷിംഗ് പദ്ധതികൾ നടപ്പാക്കും.

15. മത്സ്യബന്ധന തുറമുഖങ്ങളുടേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിൽ അല്ലാത്തതുമായ ഫിഷ് ലാൻറിംഗ് സെൻററുകളുടെയും നിർമ്മാണം, പരിപാലനം, മാനേജ്മെൻറ് എന്നിവ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൽ തുടരുന്നതാണ്.

16. വ്യവസായികാവശ്യത്തിനും വിനോദസഞ്ചാരത്തിനുമുള്ള ജലവാഹനങ്ങളുടെ സഞ്ചാരത്തിനുള്ള പാത അതിരുകളിട്ട് സജ്ജമാക്കും. ഇക്കാര്യത്തിൽ സാങ്കേതിക ജ്ഞാനവും പരിചയമുള്ള തുറമുഖ വകുപ്പിൻേറയും മററു ബന്ധപ്പെട്ട വകുപ്പുകളുടേയും അംഗീകാരം തേടും.

17. മത്സ്യബന്ധനമേഖലയിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പു മുഖാന്തിരം നടപ്പിലാക്കും. ബി.ഒ.ററി. പോലുള്ള സ്കീമുകൾ നടപ്പിലാക്കുകയാണെങ്കിൽ ഹാർബർ വകുപ്പിൻെറയും ഫിഷറീസ് വകുപ്പിൻെറയും യോജിച്ച തീരുമാനത്തിലൂടെ മാത്രമായിരിക്കും.

നയം – 14

സംസ്ഥാനത്തെ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും മത്സ്യമേഖലയുടെ സ്ഥായിയായ നിലനില് പ്പിനും വികസനത്തിനും മത്സ്യബന്ധനം–മത്സ്യകൃഷി–മത്സ്യവ്യവസായം, മത്സ്യവിപണനം എന്നീ മേഖല കളുടെ നിയന്ത്രണത്തിനും പരിപാലനത്തിനും മത്സ്യത്തൊഴിലാളികളുടേയും മത്സ്യോപഭോക്താക്കളു ടേയും ന്യായമായ അവകാശങ്ങളുടെ സംരക്ഷണത്തിനും വേണ്ടി നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുകയും ഉൾനാടൻ മത്സ്യമേഖലയ്ക്കായി 1950ലെ തിരു–കൊച്ചി നിയമത്തിൻെറ മാതൃകയിൽ ഒരു ഏകീകൃത മത്സ്യനിയമം ഉൾപ്പെടെ ആവശ്യമായ പുതിയ നിയമ നിർമ്മാണങ്ങൾ നടത്തുകയും ചെയ്യും.

നയം – 15

1. കേരളത്തിന്റെ മത്സ്യമേഖലയുടെ സ്ഥായിയായ വികസനവും നിലനിൽപ്പും ഉറപ്പുവരുത്തുന്നതിന് ദേശീയവും അന്തർദേശീയവുമായ മത്സ്യമേഖലാ പ്രശ്നങ്ങളിൽ കൈക്കൊള്ളേണ്ട നയ സമീപനങ്ങളെ ക്കുറിച്ചും നടപടികളെക്കുറിച്ചും വിശദമായ പഠനങ്ങൾ നടത്തുന്നതിനും പൊതുജനാഭിപ്രായം രൂപീകരി ക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളും.

2. ദേശീയ–അന്തർദേശീയ പ്രശ്നങ്ങളിൽ കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ഈ മേഖലയെ ബാധിക്കുന്ന നയങ്ങൾ രൂപകരിക്കുമ്പോൾ, സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കൂടി കണക്കിലെടു ക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തും.

3. ഗ്ലോബലൈസേഷൻ, ലോകവ്യാപാര (WTO) കരാറുകൾ, എക്സിം പോളിസി, ഉത്തരവാദിത്ത ഫിഷറിസ് നിയമസംഹിത (CCRF) തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിന്റെ മത്സ്യമേഖലയുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കും.

*****